പതിമൂന്നാം കേരളനിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 404** — **11.12.2012-ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ. ബേബി | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) സൗരോർജ്ജം ഉപയോഗപ്പെടുത്താനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) സൗരോർജ്ജം ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് ഈ വർഷം 1 kwp ശേഷിയുള്ള 10000 റൂഫ് ടോപ്പ് സോളാർ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിന് സംസ്ഥാന സർക്കാർ ഒരു പ്ലാന്റിന് 39000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായ 30% സബ്സിഡിക്ക് പുറമേയാണിത്. കൂടാതെ 28000 എണ്ണം സൂര്യറാന്തലുകൾ സബ്സിഡി നിരക്കിൽ (ഒരു സൂര്യറാന്തലിന് 1000 രൂപ സബ്സിഡി) വിതരണം ചെയ്യുന്നതാണ്. സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നല്കുകയും ചെയ്യുന്നുണ്ട്. പൊതു സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയും അനെർട്ടിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) സൗരോർജ്ജം അടിസ്ഥാനമാക്കി ഗാർഹിക ഉപഭോക്താക്കൾക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻഓഫീസർ